**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1431** **10-10-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ അദ്ധ്യാപക തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിലായി സർക്കാർ സ്കൂളുകളിൽ എത്ര പ്രധാന അദ്ധ്യാപക തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഇത് എന്നത്തേക്ക് നികത്തുമെന്ന് വിശദമാക്കുമോ; | (എ) | **പ്രൈമറി വിഭാഗത്തിൽ ഒരു പ്രധാന അദ്ധ്യാപക തസ്തിക ഒഴിവുണ്ട്. പ്രസ്തുത ഒഴിവ് കടവനാട് ജി.എഫ്.യു.പി സ്കൂളിലെ പ്രഥമാധ്യാപകന്റെ സസ്പെൻഷനുമായി ബന്ധപ്പെട്ട് വന്ന ഒഴിവായതിനാൽ സസ്പെൻഷൻ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഒഴിവ് നികത്തുവാൻ കഴിയും.**<br><br>**ഹൈസ്കൂൾ വിഭാഗത്തിൽ പ്രധാനാദ്ധ്യാപകന്റെ 15 ഒഴിവുകളുണ്ട്. എച്ച്എം/എഇഒ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള സെലക്റ്റ് ലിസ്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് . ഉടൻ തന്നെ എച്ച്എം/എഇഒ പ്രൊമോഷൻ നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്.**<br><br>**ഹയർസെക്കൻഡറി വിഭാഗത്തിലെ 18 സ്കൂളുകളിൽ നിലവിൽ പ്രിൻസിപ്പൽ തസ്തികയിൽ ഒഴിവുകളുണ്ട്. സർക്കാർ ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാരുടെ 2024-25 അധ്യയന വർഷത്തെ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളതും, പ്രിൻസിപ്പൽ തസ്തികയിലേക്കുള്ള യോഗ്യരായ എച്ച്.എസ്.എസ്.റ്റി, എച്ച്.എം/എ.ഇ.ഒ മാരുടെ പ്രൊമോഷൻ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. ആയതിനാൽ പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ടി ഒഴിവുകൾ നികത്തുന്നതാണ്.** |
| (ബി) | ജില്ലയിലെ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗത്തിലെ എയ്ഡഡ് സ്കൂളുകളിൽ ഈ വർഷത്തെ ഫിക്സേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര അദ്ധ്യാപകരുടെ തസ്തികകൾ പുതുതായി നിലവിൽ വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | **ജില്ലയിലെ എയ്ഡഡ് സ്കൂളുകളിൽ 2024-25 അധ്യയന വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. അധിക തസ്തികകൾ കണ്ടെത്തുന്നതിനായി ഹയർലെവൽ വിസിറ്റ് സ്കൂളുകളിൽ നടന്നുകൊണ്ടിരിക്കുകയാണ്.** |
| (സി) | നിലവിൽ ജില്ലയിലെ എയ്ഡഡ് സ്കൂളുകളിലെ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി | (സി) | **നിലവിൽ മലപ്പുറം ജില്ലയിലെ എയ്ഡഡ് സ്കൂളുകളിലെ പ്രൈമറി വിഭാഗത്തിൽ 719 അദ്ധ്യാപകർക്കും,** |

| | | | |
|---|---|---|---|
| | മേഖലകളിലായി എത്ര അദ്ധ്യാപകരുടെ നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ? | | **ഹൈസ്കൂൾ വിഭാഗത്തിൽ 293 അദ്ധ്യാപകർക്കും, ഹയർ സെക്കൻഡറി വിഭാഗത്തിൽ 56 അദ്ധ്യാപകർക്കും നിയമന അംഗീകാരം നൽകാൻ ബാക്കിയുണ്ട്.** |

സെക്ഷൻ ഓഫീസർ